അതുപോലെ ശബരിമല റെയിൽവേ ലൈൻ അനുവദിച്ചു, അതിന് തറക്കല്ലും ഇട്ടു. പക്ഷേ ഇതുവരെ അതു പൂർത്തിയായിട്ടില്ല. അനുവാദമല്ല പ്രശ്നം; ഫണ്ടാണ് പ്രശ്നം ഫണ്ടാണ് നമുക്കാവശ്യം. ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ വളരെ തെറ്റായ സമീപന മാണ്, നയമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഷൊർണ്ണൂർ-മംഗ ലാപുരം ഉൾപ്പെടെയുള്ള ലൈനുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനു സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുകയാണ്. ഇതിന്റെ സർവേ കഴിഞ്ഞാൽ ഇതിനാവശ്യമായ ഫണ്ട് അലോട്ട് ചെയ്യിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ എന്തൊക്കെ സമ്മർദ്ദം ചെലുത്താമോ അതൊക്കെ ചെയ്യാൻ കേരളത്തിലെ എം. പി.-മാരോടു ആവശ്യപ്പെട്ടിട്ടുണ്ട്. അവർ അത് ചെയ്യുമെന്നാണ് വിശ്വസിക്കുന്നത്. മൈസൂർ ലൈനിനെ സംബന്ധിച്ച് അതിനു ഗവൺമെന്റ് വേണ്ടത്ര പരിഗണന കൊടുത്തു കൊണ്ടിരിക്കുകയാണ്; ഭാവിയിൽ കൊടുക്കുകയും ചെയ്യും.

മി. സ്പീക്കർ: ദയവുചെയ്ത് ബഹുമാനപ്പെട്ട മെമ്പർമാരും മന്ത്രിമാരും രണ്ട് മൂന്ന് സെന്റൻസിൽ കാര്യങ്ങൾ പറയാൻ ശ്രദ്ധിക്കണം.

(3) ഇന്ത്യയിൽ വിൽപ്പന നടത്തുന്ന ശീതള പാനീയങ്ങളിൽ മാരകമായ വിഷാംശം കണ്ടെത്തിയതു സംബന്ധിച്ച്

ശ്രീ. പി. എസ്. സുപാൽ: സർ, Centre for Science and Environment നടത്തിയ പഠനത്തിൽ പെപ്സിയും കൊക്കകോളയും അടക്കം ഏതാണ്ട് 12 ശീതള പാനീയങ്ങളിൽ മാരകമായിട്ടുള്ള മലാത്തിയോൺ, ക്ലോർപൈറിഫോസ്, DDT തുടങ്ങിയ കീടനാശിനികൾ അടങ്ങിയിരിക്കുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. ഇത് കേരളത്തിൽ വ്യാപകമായി ഉപയോഗിക്കുകയാണ്. ഇത് വലിയൊരു സാമൂഹ്യ പ്രശ്നമായി കേരളത്തിൽ മാറിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് ഒരു സബ്മിഷൻ കഴിഞ്ഞ ദിവസം വന്നപ്പോൾ ഒരാഴ്ചക്കുള്ളിൽ ഇതു സംബന്ധിച്ച് Food Adulteration Act അനുസരിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുമെന്നാണ് പറഞ്ഞത്. ഇതിന്റെ ഉൽപ്പാദനവും വിതരണവും നിർത്തിവെയ്ക്കണം. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ വരുന്നതുവരെ ഈ ശീതള പാനീയങ്ങളുടെ ഉൽപ്പാദനവും വിതരണവും കേരളത്തിൽ നിർത്തിവെയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. Food Adulteration Act-ന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഇതു സംബന്ധിച്ച് കഴിഞ്ഞ ദിവസം വളരെ വിശദമായി ചർച്ച ചെയ്തതാണ്. ഇതിന്റെ സാമ്പിൾസ് എടുത്തു പരിശോധനകൾ നടത്തുകയുണ്ടായി.

മി. സ്പീക്കർ: കഴിഞ്ഞ തവണ പറഞ്ഞതാണ്. ഇതിൽ കൂടുതൽ എന്താണ് പറയാനുള്ളത്? .....(ബഹളം).....ബഹളം ഉണ്ടാക്കിയിട്ടൊന്നും കാര്യമില്ല

LIBRARY ARCHIVES Kerala Legislative Assembly

You will be losing chances, that's all. Don't create problems. സ്വയം ഇങ്ങനെയൊന്നും ചെയ്യരുത്.

ശ്രീ. പി. ശങ്കരൻ: എറണാകുളം, കൊല്ലം. കോട്ടയം, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള Analytical laboratory- ൽ പരിശോധനകൾ നടത്തിവരികയാണ്. ഇതിനുപുറമെ മൈസൂരിലെ Centre for Technology and Research Institute- ലും ഇതിന്റെ സാമ്പിൾസ് നൽകിയിട്ടുണ്ട്. Accreditation ഉള്ള ഒരു സ്ഥാപനമാണ് അത്. അതുകൊണ്ട് ആ സ്ഥാപനത്തിന്റെ കൂടി റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കുകയാണ്. ഇപ്പോൾ ഒരു ഇടക്കാല റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത് കൊക്കക്കോളയുടെ പാനീയത്തിൽ കാഡ്മിയത്തിന്റെ അംശം ഇല്ലെന്നാണ്. ലെഡിന്റെ അംശം പരിധിക്കും താഴെയാണ്. Permissible limit 10 പി. പി. എം. ആണ്. ഇവിടെ ലഭിച്ചിട്ടുള്ള സാമ്പിൾസിൽ അത് .006-ഉം .028-ഉം ആണ്. കീടനാശിനിയുടെ പരിശോധനാഫലം 14-8-03-ൽ മാത്രമേ ലഭ്യമാവുകയുള്ളൂ.

(4) അമ്പതിനായിരം രൂപവരെയുള്ള ബാങ്ക് വായ്പകളിന്മേൽ റിസർവ് ബാങ്ക് പ്രഖ്യാപിച്ച ആനുകൂല്യം സംസ്ഥാനത്തെ കൃഷിക്കാർക്കുകൂടി ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ കാർഷികമേഖലയിലെ കൃഷിക്കാർ ഇപ്പോൾ ആകെ കഷ്ടത്തിലാണ്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ബാങ്കിൽ നിന്ന് എടുത്തപണം തിരിച്ചടയ്ക്കാൻ അവർക്ക് കഴിയുന്നില്ല. കൃഷിക്കാർ ആകെ ബുദ്ധിമുട്ടുകയാണ്. അപ്പോഴാണ് റിസർവ്വ് ബാങ്ക് ഗവർണ്ണറുടെ ഉത്തരവ് വന്നിട്ടുള്ളത്. 1998 മാർച്ച് വരെയുള്ള തിരിച്ചടയ്ക്കൽ, 25,000 രൂപവരെയുള്ള കടങ്ങൾ പലിശ ഒഴിവാക്കി അടച്ചുതീർക്കാനുള്ള ഡിസംബർ 22-ലെ റിസർവ് ബാങ്കിന്റെ ഉത്തരവും ഈ ആനുകൂല്യം 50,000 രൂപ വരെ കടം എടുത്തവർക്ക് ആക്കിക്കൊണ്ടുള്ള 2002 ഏപ്രിൽ ഒന്നിലെ ഉത്തരവും വച്ച് ഇന്ത്യയിൽ കേരളം ഒഴിച്ചുള്ള മുഴുവൻ സംസ്ഥാനങ്ങളിലെയും കൃഷിക്കാർക്ക് ഈ ആനുകൂല്യം ലഭിച്ചു. രണ്ട് ഉത്തരവിന്റെയും കോപ്പി എന്റെ കൈവശമുണ്ട്. എന്തുകൊണ്ടോ കേരളത്തിൽ മാത്രം ഈ ഉത്തരവുകൾ നടപ്പാക്കാനും അതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ആനുകൂല്യം ലഭിക്കാനുമുള്ള അവസരം ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതു സംബന്ധിച്ച് മറുപടി പറഞ്ഞപ്പോൾ ഇങ്ങനെയൊരു ഉത്തരവുള്ളതായി അറിയില്ലെന്നു ഈ സഭയിൽ പറഞ്ഞതായിട്ടാണ് എന്റെ ഓർമ്മ. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലേയും കൃഷിക്കാർക്ക് ലഭിച്ച ആനുകൂല്യം കേരളത്തിലെ കൃഷിക്കാർക്ക് മാത്രം കിട്ടാതെ പോയെങ്കിൽ, റിസർവ്വ് ബാങ്കിന്റെ ഉത്തരവുകൾ പൊതുമേഖല സ്ഥാപനങ്ങൾ, കമ്പനികൾ നടപ്പാക്കുന്നില്ലെങ്കിൽ കേരളം തന്നെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് കൊണ്ട് ഈ ആനുകൂല്യം മറ്റുള്ളവർക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly